ഒരു മാസത്തെ ശരാശരി ഉപയോഗത്തിന് പ്രൊവിഷണൽ ഇൻവോയ്സ് കാർഡ് നൽകുകയാണ് പതിവ്. അതിനാൽ ഉപഭോക്താവ് കൂടുതൽ തുക അടയ്ക്കേണ്ടിവരുന്നില്ല. ചേർപ്പ് മണ്ഡലത്തിൽ ചൊവ്വൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് 26.2.98-ൽ മിനിമം ഗ്യാരന്റി വ്യവസ്ഥയിലാണ് കണക്ഷൻ നൽകിയിട്ടുള്ളത്. മിനിമം ഗ്യാരന്റി തുക 3263 രൂപ 33 പൈസയാണ്. ഫിക്സഡ് ചാർജ് 247.05 രൂപയുമാണ്. ചേർപ്പ്-കുത്താറയ്ക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് 570 രൂപയാണ് അടയ്ക്കേണ്ടത്. വൈദ്യുതി ചാർജ് മിനിമം ഗ്യാരന്റി തുകയേക്കാൾ കൂടുതലാണെങ്കിൽ മിനിമം ഗ്യാരന്റിയും വൈദ്യുതി ചാർജും ഒരുമിച്ച് അടയ്ക്കേണ്ടതില്ല. ചാർജുമാത്രം നൽകിയാൽ മതിയാകുമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

14. വണ്ടൂർ മണ്ഡലത്തിലെ കുടിവെള്ളപ്രശ്നം

<u>ശ്രീ. എൻ. കണ്ണൻ</u> : സർ, നെതർലാന്റ് ഗവൺമെന്റിന്റെ സഹായത്തോടുകൂടി വണ്ടൂർ നിയോജകമണ്ഡലത്തിൽ നടക്കുന്ന കുടിവെള്ള പദ്ധതിയുടെ സ്കീം തയ്യാറാക്കിയിട്ട് നാലു കൊല്ലമായി, ഗ്രാമപഞ്ചായത്തുകൾ, സന്നദ്ധസംഘടനകൾ എന്നിവയുടെ സഹായത്തോടുകൂടി സമഗ്രമായ ഒരു സർവ്വേ സംഘടിപ്പിച്ച് 9 പഞ്ചായത്തുകൾക്കാണ് അതിന്റെ സ്കീം തയ്യാറാക്കിയിട്ടുള്ളത്. സ്കീം തയ്യാറാക്കിയെങ്കിലും ഇതുവരെയും അതിന്റെ പ്രവർത്തനം നടന്നിട്ടില്ല. ഇപ്പോൾ ആ പ്രവർത്തനം എവിടെ നിൽക്കുന്നുവെന്നുള്ള യാതൊരു അറിവുമില്ല. അതിനെ സംബന്ധിച്ച് വിശദമായി പരിശോധിച്ച് അടിയന്തിരമായി ഈ സ്കീം നടപ്പിലാക്കുന്നതിനുവേണ്ടി ഒരു സംവിധാനമുണ്ടാകണം. അതുമാത്രമല്ല, വണ്ടൂർ വാട്ടർ സപ്ലൈ സ്കീം എന്ന ഒരു പദ്ധതി നിലവിലുണ്ട്. അതിന്റെ ടാങ്കിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കണം. ഏകദേശം നാല് പഞ്ചായത്തുകളിലേയ്ക്ക് വെള്ളം കൊടുക്കേണ്ട ടാങ്കാണ്. അതിനുവേണ്ട കപ്പാസിറ്റി ടാങ്കിന് ഇല്ല. ഈ ടാങ്കിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കണമെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട മന്ത്രിക്ക് പല പ്രാവശ്യം പരാതികൊടുത്തു. ചീഫ് എഞ്ചിനീയർ പോയി നോക്കി. ഇതുവരെ അതിന്റെ പ്രവർത്തനം നടന്നില്ല. അതിന്റെ കപ്പാസിറ്റി വർദ്ധിപ്പിച്ചെങ്കിലേ ഇന്നത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയൂ. സൗജന്യമായി സ്ഥലം കൊടുക്കുന്നതിന് നാട്ടുകാർ തയ്യാറായിട്ടുണ്ട്. 18 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അതിന്റെ എല്ലാ ഏർപ്പാടുകളും നടത്തിയിട്ടുണ്ട്. ഇതുവരെയും അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇന്നലെ അൺസ്റ്റാർഡ് ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രിയുടെ ഓഫീസിൽനിന്ന് കിട്ടിയ മറുപടി, അതിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നുവെന്നാണ്. അങ്ങനെയൊരു സംവിധാനവും അവിടെ ഇല്ല. അതുകൊണ്ട് അതിനെസംബന്ധിച്ച് അടിയന്തിരമായി തീരുമാനമുണ്ടാകണം.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി <u>(ശ്രീ. വി.പി. രാമകൃഷ്ണപിള്ള)</u> : സർ, നോട്ടീസിൽ അങ്ങനെയല്ല പറഞ്ഞിരിക്കുന്നത്. നബാർഡിന്റെ സഹായത്തോടുകൂടിയുള്ള പദ്ധതിയെന്നാണ് പറഞ്ഞിരിക്കുന്നത്.

<u>മി. സ്പീക്കർ</u> : എന്നാൽ അത് നോക്കിയിട്ട് മറുപടി ബഹുമാനപ്പെട്ട എൻ. കണ്ണനെ അറിയിച്ചാൽ മതി.

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ഈ സബ്മിഷനുള്ള മറുപടി ബഹുമാനപ്പെട്ട മെമ്പറെ രേഖാമൂലം അറിയിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly